# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3612 — 15.03.2018-ൽ മറുപടിക്ക്

## സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി വിതരണ ശൃംഖല

| | ചോദ്യം<br><br>ശ്രീ. പി. ഉബൈദുള്ള : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവും ആക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2021-ഓടുകൂടി സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി ലഭ്യമാക്കുന്നതിന് എച്ച്.റ്റി.ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, എബിസി, ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നു പോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക. ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരികയും ചെയ്യുന്നു.<br>വൈദ്യുതി വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കുന്നതിന് ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി. ഡി. യു. ജി. ജെ. വൈ) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ. പി. ഡി എസ്) എന്നീ പദ്ധതികളിൽപ്പെടുത്തി 11 കെ.വി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുക, 11 കെ.വി ലൈനുകളിലെ കണ്ടക്റ്ററുകൾ പുനർവലിക്കുക, എൽ.റ്റി ലൈനുകളിലെ കണ്ടക്റ്ററുകൾ പുനർവലിക്കുക ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി) ലൈനുകൾ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br>വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. |

| പ്രവൃത്തി | ഡി. ഡി.യു.ജി.ജെ.വൈ (കി.മീ) | ഐ.പി. ഡി.എസ് (കി.മീ) |
|---|---|---|
| 11 കെ.വി ഭൂഗർഭ കേബിളുകൾ | - | 192.00 |
| 11 കെ.വി ഏരിയൽ ബഞ്ച്ഡ് കേബിൾ | 268.39 | 1134.00 |

| | | |
|---|---|---|
| 11 കെ.വി ലൈൻ കണ്ടക്ടർ പുനർവലിക്കൽ | 383.46 | 187.00 |
| എൽ.റ്റി ലൈൻ കണ്ടക്ടർ പുനർവലിക്കൽ | 530.59 | 2416.00 |
| എൽ.റ്റി ഏരിയൽ ബഞ്ച്ഡ് കേബിൾ | 107.60 | - |

| | | | |
|---|---|---|---|
| (ബി) | ഓവർഹെഡ് ലൈനുകൾ മൂലമുണ്ടാകുന്ന അപകട സാധ്യതകൾ കണക്കിലെടുത്ത് വൈദ്യുതി ബോർഡ് നടപ്പാക്കുന്ന അണ്ടർ ഗ്രൗണ്ട് കേബിൾ സംവിധാനത്തിന്റെ പുരോഗതി വിശദീകരിക്കാമോ; | (ബി) | ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീമിൽ (ഐ. പി. ഡി എസ്) ഉൾപ്പെടുത്തിയിട്ടുള്ള 192 കി.മീ അണ്ടർഗ്രൗണ്ട് കേബിളിൽ 11 കിമീ സ്ഥാപിച്ചു |
| (സി) | കേബിൾ കടത്തികൊണ്ട് പോകുന്നതിന് ഹൊറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ് സാങ്കേതിക വിദ്യ വൈദ്യുതി ബോർഡിൽ പരിപൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ? | (സി) | കേബിൾ കടത്തിക്കൊണ്ട് പോകുന്നതിന് ഹൊറിസോണ്ടൽ ഡയറക്ഷണൽ ഡ്രില്ലിംഗ് സമ്പ്രദായം ബോർഡിൽ എല്ലായിടത്തും നടപ്പിലാക്കിയിട്ടില്ല. എന്നാൽ റോഡ് മുറിക്കുന്നതിന് അനുവാദം ലഭ്യമാകാത്ത സ്ഥലങ്ങളിലും റെയിൽവേ ക്രോസ്സിംഗ് വരുന്നയിടങ്ങളിലും കേബിൾ കടത്തിവിടുന്നതിന് ടി സമ്പ്രദായം ഉപയോഗിക്കാറുണ്ട്. |

Kunalilla

സെക്ഷൻ ഓഫീസർ